# ശ്ലീഹാക്കാലം

## നാലാം ഞായർ

## വചന വിചിന്തനം

ലൂക്ക 6,27-36

*"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും
സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ,
അവൻ കള്ളം പറയുന്നു.
കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു
കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല."*

1യോഹ 4,20

*ദൈവരാജ്യം സ്വന്തമാക്കാൻ അവശ്യം വേണ്ട മനോഭാവം, "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ."*

ശിഷ്യൻമാരെ തിരഞ്ഞെടുത്തതിന് ശേഷം ഈശോ സമതലത്ത് വന്ന് "തിന്മയെ നന്മകൊണ്ടു ജയിക്കാനായി" അവർക്ക് പ്രബോധനം നൽകുന്ന വചനഭാഗം. വി.മത്തായിയുടെ സുവിശേഷത്തിൽ ഇതിനെ "ഗിരിപ്രഭാഷണം" എന്ന പേർ നൽകിയാണ് വിളിക്കുന്നത്. ക്രിസ്ത്യാനി സ്വീകരിക്കേണ്ട ജീവിതശൈലിയെയാണ് ഗിരിപ്രഭാഷണത്തിലൂടെ ക്രിസ്തു പങ്കുവയ്ക്കുന്നത്. "തിന്മയെ നന്മകൊണ്ടു ജയിക്കുക!" ക്രിസ്തു ശിഷ്യൻ പരാജയപ്പെട്ടു പോകുന്നത് ഈ സുവിശേഷഭാഗം ജീവിക്കുന്നതിലാണ്.

വചനഭാഗത്തിലൂടെ ക്രിസ്തു ആഹ്വാനം ചെയ്യുന്നത്, "ശത്രുക്കളെ സ്നേഹിക്കാനും, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യാനും, ശപിക്കുന്നവരെ അനുഗ്രഹിക്കാനും, അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാനും, ഒരു ചെകിട്ടത്ത് അടിക്കുവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുവാനും, മേലങ്കി എടുക്കുന്നവന് കുപ്പായംകൂടി കൊടുക്കുന്നതിനും, ചോദിക്കുന്ന എന്തും ഏതൊരുവനും കൊടുക്കുവാനും" ആണ്. ചുരുക്കത്തിൽ, വചനത്തിന്റെ സാരാംശം ക്രിസ്തു കാച്ചികുറുക്കിയ വാക്കുകളിൽ കുറിച്ചുവയ്ക്കുന്നത് ഇപ്രകാരമാണ്, "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6,31).

മനുഷ്യന്റെ സ്വാഭാവിക പ്രവണത എന്നു പറയുന്നത് ശത്രുക്കളെ സ്നേഹിക്കാനും, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യാനും, ശപിക്കുന്നവരെ അനുഗ്രഹിക്കാനും, അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാനും, ഒരു ചെകിട്ടത്ത് അടിക്കുവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുവാനും, മേലങ്കി എടുക്കുവനെ കുപ്പായംകൂടി കൊടുക്കുന്നതിനും, ചോദിക്കുന്ന എന്തും ഏതൊരുവനും കൊടുക്കുവാനും അല്ല. മറിച്ച്, ശത്രുക്കളെ ദ്രോഹിക്കാനും, ദ്വേഷിക്കുന്നവരെ അധിക്ഷേപിക്കുവാനും, ശപിക്കുന്നവരെ തിരിച്ച് ശപിക്കാനും, അധിക്ഷേപിക്കുന്നവരെ കളിയാക്കാനും, ചെകിട്ടത്തടിക്കുന്നവരെ തിരിച്ചടിക്കാനും, ചോദിക്കുന്നത് തിരിച്ച് കിട്ടുമോ എന്ന് ചിന്തിച്ച് കൊടുക്കുവാനുമാണ്. പക്ഷെ, ക്രിസ്തു പറഞ്ഞ് വയ്ക്കുന്ന, ഇതായിരിക്കരുത് ക്രിസ്ത്യാനികളുടെ ജീവിത ശൈലി. പിതാവായ ദൈവത്തിന്റെ സ്നേഹമാണ് പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ "തിന്മയെ നന്മകൊണ്ടു ജയിക്കുക!" അല്ലാതെ, തിന്മയെ തിന്മകൊണ്ടല്ല ജയിക്കേണ്ടത്.

ആദ്യ രാത്രിയിൽ തന്റെ ഭർത്താവിന്റെപേഴ്സ് അവൾ വെറുതെ ഒന്ന് തുറന്ന അവൾ ഞെട്ടിപ്പോയി. അതിൽ തന്നേക്കാൾ സുന്ദരിയായ ഒരുവളുടെ ഫോട്ടോ. അവൾ

ഒന്ന് ഞെട്ടിയെങ്കിലും അത് കണ്ടതായി നടിച്ചില്ല. പിറ്റേ ദിവസം ചിലരുടെ പരദൂഷണങ്ങളിൽ നിന്നും അവൾക്ക് മനസ്സിലായി ഭർത്താവിന്റെ ശക്തമായ മുൻകാല പ്രണയത്തെ കുറിച്ച്... വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി പാവപെട്ടവളെ ഒഴിവാക്കി ചുറ്റുപാടുള്ള ഒരു വീട്ടിൽ നിന്നും കെട്ടിയതാണ് തന്നെ.

അവൾക്ക് വിഷമം തോന്നിയെങ്കിലും അവൾ അതൊന്നും കാര്യമാക്കിയില്ല. അവൾ നല്ല മനസ്സോടെ അയാളെ സ്നേഹിക്കാൻ തുടങ്ങി. പല വിഷമഘട്ടങ്ങളിലും അവൾ പിടിച്ച് നിന്നു. അയാളിലെ അനിഷ്ടങ്ങൾ പതുക്കെ പതുക്കെ മയപെടാൻ തുടങ്ങി. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവൾ മുറ്റം തൂത്തുവാരുമ്പോൾ കീറികളഞ്ഞ ഒരു ഫോട്ടോയുടെ തുണ്ടുകൾ അവൾക്ക് കിട്ടി. അവൾ അത് ചേർത്ത് വെച്ചപ്പോൾ അവൾക്ക് വിശ്വസിക്കാനായില്ല, ഭർത്താവിന്റ പേഴ്സിലുണ്ടായിരു ഫോട്ടോ... അവൾ ഓടി ചെന്ന് ഉറങ്ങി കിടക്കു ഭർത്താവിനെ ഉണർത്താതെ അയാളുടെ പേഴ്സ് തുറന്ന് നോക്കി. അതിൽ ആ സുന്ദരിയുടെ ഫോട്ടോക്ക് പകരം തന്റെ കറുത്ത മുഖം. അവൾ ആ പേഴ്സ് മാറോട് ചേർത്ത് പിടിച്ചു.

അവൾ തന്റെ ഡയറിയെടുത്ത് കുറിച്ച് വച്ചു, "സ്നേഹം തട്ടിപ്പറിച്ച് വാങ്ങാൻ പറ്റുതല്ല. അത് മനസ്സിൽ അറിഞ്ഞുണ്ടാവേണ്ടതാണ്. അതിനു സൗന്ദര്യത്തേക്കാൾ നല്ലത് സ്വഭാവ ഗുണമാണ്. പിടിച്ചെടുത്ത സ്നേഹം പറിച്ചെടുത്ത പൂ പോലെയാണ്."

ക്രിസ്തുവിന്റെ ആഹ്വാനം, "തിന്മയെ നന്മകൊണ്ടു ജയിക്കുക! അല്ലാതെ, തിന്മയെ തിന്മകൊണ്ടല്ല ജയിക്കേണ്ടത്." തിന്മയെ തിന്മകൊണ്ട് ജയിക്കാൻ എളുപ്പമാണ്. പക്ഷെ, തിന്മയെ തിന്മകൊണ്ട് ജയിച്ച് കിട്ടുന്ന സന്തോഷം നീണ്ടുനിൽക്കുന്ന ഒന്നല്ല. അത് എപ്പോൾ വേണമെങ്കിലും ക്ഷയിച്ച് പോകാവുന്ന ഒന്നാണ്. പക്ഷെ, തിന്മയെ നന്മകൊണ്ട് ജയിച്ച് കഴിയുമ്പോൾ കിട്ടുന്ന സന്തോഷം അത് സ്ഥായിയായ, എന്നും നിലനിൽക്കുന്ന ഒന്നാണ്.

"സ്നേഹിക്കുക" എന്നത് പിന്നെയും എളുപ്പമുള്ള പണിയാണ്. പക്ഷെ, 'ശത്രുക്കളെ സ്നേഹിക്കുക' എന്നത് ഏറെ ക്ലേശകരമാണ്!

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ...." എന്നുള്ള പ്രാർത്ഥനയിലെ മനോഹരമായ ഒരു ഭാഗം ഇപ്രകാരമാണ്, "ഞങ്ങളോട് തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ ഞങ്ങളുടെ തെറ്റുകളും ഞങ്ങളോട് ക്ഷമിക്കണമേ..." ചുരുക്കത്തിൽ, ഞങ്ങൾ ചെയ്യുന്നതുപോലെ തന്നെ ഞങ്ങളോടും ചെയ്യണമേയെന്ന്. ഇതുതന്നെയാണ് ക്രിസ്തു സുവർണ്ണ നിയമത്തിലൂടെ പങ്കുവയ്ക്കുന്നത്, "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6,31). 'എന്തു നീ ചെയ്യരുത്' എന്നല്ല ക്രിസ്തു പഠിപ്പിക്കുന്നത്. മറിച്ച്, നീ സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ 'എന്തു ചെയ്യണം' എന്നാതാണ്. ലിഖിതമായ ക്രിസ്തുവിന്റെ ഈ സുവർണ്ണ നിയമത്തെ സാധൂകരിക്കാൻ ക്രിസ്തു ചേർത്തുവയ്ക്കുന്ന ഉദാഹരണം തന്റെ പിതാവായ ദൈവത്തെ കുറിച്ചാണ്, "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ള വരായിരിക്കുവിൻ" (ലൂക്കാ 6,36).

കൊച്ചുതോമ മരിച്ചു. മരണശേഷം സ്വർഗ്ഗ വാതിൽക്കലെത്തിയ കൊച്ചുതോമയെ സ്വർഗ്ഗത്തിന്റെ ഗേറ്റിൽ വച്ച് വാതിൽ കാത്തുസൂക്ഷിപ്പുക്കാരനായ ചിത്രഗുപ്തനെ കണ്ടു മുട്ടി.

ചിത്രഗുപ്തൻ : "സ്വർഗ്ഗമാണ് ആഗ്രഹിക്കുന്നതെങ്കിൽ, സ്വർഗ്ഗത്തിൽ പ്രവേശിക്കണമെങ്കിൽ നിങ്ങൾ ഒരു വാക്കിന്റെ സ്പെല്ലിങ്ങ് പറയേണ്ടതുണ്ട്."

കൊച്ചുതോമ : "പ്രഭോ, ഏതാണാ വാക്ക്?"

ചിത്രഗുപ്തൻ : "ലവ്"

കൊച്ചുതോമ : "L...O...V...E..."

ചിത്രഗുപ്തൻ : "വളരെ ശരിയാണ് അകത്തേക്ക് വരൂ. താങ്കൾക്ക് സ്വർഗ്ഗത്തിലേയ്ക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു."

കൊച്ചുതോമയെയും കൂട്ടി അകത്തേക്ക് പ്രവേശിക്കുന്നതിനിടെ ചിത്രഗുപ്തന്റെ മൊബൈൽ ബെല്ലടിച്ചു.

ചിത്രഗുപ്തൻ : "എന്നെ ദൈവം എന്തോ വളരെ അത്യാവശ്യ കാര്യത്തിനായി വിളിക്കുന്നു... ഞാൻ തിരിച്ചു വരുന്നതുവരെ നീ ഈ ഗെയിറ്റിനു കാവൽ നിൽക്കണം."

കൊച്ചുതോമ : "ഉത്തരവ് പ്രഭോ!"

ചിത്രഗുപ്തൻ : "ഞാൻ തിരിച്ചു വരുന്നതിനിടയിൽ ആരെങ്കിലും വരികയാണെങ്കിൽ നീ ഇതേ ചോദ്യം അവരോട് ചോദിക്കുക. കൃത്യമായി സ്പെല്ലിങ്ങ് പറയുകയാണെങ്കിൽ അവരെ നീ സ്വർഗത്തിലേക്ക് കടത്തി വിടുക. അല്ലാത്ത പക്ഷം നീ അവർക്ക് അടുത്ത ഗെയിറ്റ് കാണിച്ചു കൊടുക്കുക. അത് നരകത്തിലേക്കുള്ള ഗെയിറ്റ് ആണ്. ഭയപ്പെടേണ്ട, അങ്ങോട്ട് പോയവർക്ക് വീണ്ടും തിരിച്ചു വരാൻ കഴിയില്ല, അവിടെ എത്തുമ്പോഴേക്കും അവർ നരകത്തിൽ വീണിരിക്കും..." അറിയാതെയാണെങ്കിലും ശശി ഒന്ന് ഞെട്ടിപ്പോയി.

കൊച്ചുതോമ : "ഉത്തരവ് പ്രഭോ!"

ചിത്രഗുപ്തൻ പോയി കുറച്ചു കഴിയുമ്പോഴേക്കും ഒരു സ്ത്രീ അങ്ങോട്ട് വരുന്നതായി ശശി കണ്ടു! കൊച്ചുതോമ പകച്ചു പോയി. അത് ശശിയുടെ ഭാര്യയായിരുന്നു.

കൊച്ചുതോമ : "ഹായ് ലീലേ..... നീയെങ്ങിനെ ഇവിടെ എത്തി?"

ലീല : "അതോ ചേട്ടാ, നിങ്ങളുടെ ശവമടക്ക് കഴിഞ്ഞു വീട്ടിലേക്കു പോകുന്ന വഴി എന്നെ ഒരു ബസ് ഇടിച്ചു. പിന്നെ ഞാൻ കാണുന്നത് ഈ സ്ഥലമാണ്."

സ്വർഗ്ഗത്തിലേക്ക് ഓടിക്കയറാൻ തിരക്ക് കൂട്ടുന്ന ഭാര്യയെ തടഞ്ഞു കൊണ്ട് ശശി പറഞ്ഞു. "നിൽക്ക്... നിൽക്ക്... ഇവിടുത്തെ നിയമമനുസരിച്ച് സ്വർഗത്തിൽ കടക്കണമെങ്കിൽ ഒരു വാക്കിന്റെ SPELLING പറയണം. കൃത്യമായി SPELLING പറഞ്ഞാൽ മാത്രമേ സ്വർഗത്തിൽ കടക്കാൻ പറ്റൂ. അല്ലാത്ത പക്ഷം അടുത്ത ഗെയിറ്റിലൂടെ നീ നരകത്തിലേക്ക് ആനയിക്കപ്പെടും."

ലീല : "ഏതാണാ വാക്ക്?"

കൊച്ചുതോമ : "ചെക്കോസ്ലോവാക്യ..."

ക്രിസ്തു വീണ്ടും കൂട്ടിച്ചേർക്കുന്നു, "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ള വരായിരിക്കുവിൻ" (ലൂക്കാ 6,36). കരുണ ലഭിക്കാൻ ആഗ്രഹമുള്ളവരാണ് നമ്മൾ. പക്ഷെ, കരുണ സമ്മാനിക്കാൻ ആഗ്രഹമുള്ളവരായി എത്ര പേരുണ്ട് നമ്മളിൽ? കൊടുക്കുന്നതെ തിരിച്ച് കിട്ടു. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞ് വയ്ക്കുന്നത്, "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6,31).

*ദൈവത്തിന്റെ കാരുണ്യം, ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും, നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു!*

***"ശത്രുക്കളെ സ്നേഹിക്കുവിൻ;***
***നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ.***
***അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും."***

മത്തായി 5,44-45

..........................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931